**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 665** **17-09-2025 - ൽ മറുപടിയ്ക്ക്**

**വിജ്ഞാന - ഹൈടെക് വ്യവസായങ്ങളുടെ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിക്ഷേപക സൗഹൃദാന്തരീക്ഷം പരമാവധി പ്രയോജനപ്പെടുത്തുന്നതിനും നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ട് നടത്തിയ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ സമർപ്പിക്കപ്പെട്ട താൽപര്യപത്രങ്ങളുടെ നടപ്പാക്കൽ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ നിക്ഷേപക സൗഹൃദാന്തരീക്ഷം പരമാവധി പ്രയോജനപ്പെടുത്തുന്നതും, കൂടുതൽ നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതും, ലക്ഷ്യമിട്ട് നടത്തിയ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025, ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം ശക്തിപ്പെടുത്താനും, ലോകത്തിന് മുന്നിൽ ഉയർത്തിക്കാട്ടാനും സാധിച്ചൊരു വേദിയായിരുന്നു. പ്രസ്തുത സംഗമത്തിൽ 449 സ്ഥാപനങ്ങളിൽ നിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടിയിലേറെ മൂല്യം വരുന്ന നിക്ഷേപ താല്പര്യ പത്രങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചത്. ഇതിലൂടെ അഞ്ച് ലക്ഷത്തിലധികം തൊഴിൽ അവസരങ്ങളും സംസ്ഥാനത്തേക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ടൂറിസം, ഭക്ഷ്യ സംസ്കരണം, ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണം, ഐ.ടി/ ഐ.ടി അധിഷ്ഠിത വ്യവസായങ്ങൾ, മരം അധിഷ്ഠിത വ്യവസായങ്ങൾ, റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ഫാർമസ്യൂട്ടിക്കൽസ്, ഹെൽത്ത്കെയർ, ആയുർവേദ & വെൽനെസ്സ് തുടങ്ങി സംസ്ഥാനത്തിന്റെ ശക്തവും സുസ്ഥിരവുമായ മേഖലകളിലാണ് മേൽ പറഞ്ഞ നിക്ഷേപ താല്പര്യ പത്രങ്ങളിൽ അധികവും ലഭിച്ചിരിക്കുന്നത്. ഇവ സമയബന്ധിതമായി യഥാർത്ഥ നിക്ഷേപങ്ങളാക്കി മാറ്റുക എന്നതിലാണ് സർക്കാർ നിലവിൽ അടിയന്തര ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.<br><br>അതിന്റെ ഭാഗമായി, നിക്ഷേപ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ താല്പര്യ പത്രങ്ങളെ തരംതിരിച്ച് കെ.എസ്.ഐ.ഡി.സി, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര എന്നീ ഏജൻസികളിലൂടെ കൃത്യമായി ഫോളോ അപ്പ് നടന്നു വരുന്നു. വിവിധ |

അനുമതികളുൾപ്പെടെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിനുള്ള സംവിധാനങ്ങൾക്ക് വ്യവസായ വകുപ്പ് രൂപം നൽകുകയും, വിവിധ തലങ്ങളിലും കൃത്യമായ ഇടവേളകളിലും പദ്ധതി അവലോകനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

നിലവിൽ 100 കോടി വരെ മൂല്യമുള്ള നിക്ഷേപ താത്പര്യ പത്രങ്ങളാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലൂടെ മോണിറ്റർ ചെയ്തു വരുന്നത്. 100 കോടിയും അതിനു മുകളിലും വരുന്ന നിക്ഷേപ താൽപര്യ പത്രങ്ങളുടെ നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.യാണ് പ്രവർത്തിക്കുന്നത്. വ്യവസായ പാർക്കുകളിലും മറ്റുമുള്ള നിക്ഷേപങ്ങൾ കിൻഫ്രയുടെ നേതൃത്വത്തിലും മോണിറ്റർ ചെയ്തുവരുന്നു. ഇത്തരത്തിൽ വിവിധ ഏജൻസികളിലൂടെ നിക്ഷേപ താല്പര്യ പത്രങ്ങളിൽ നടത്തുന്ന ഫോളോ അപ്പ് കൂടുതൽ കാര്യക്ഷമവും, സുതാര്യവും ആക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനത്തിനും സർക്കാർ രൂപം നൽകിയിട്ടുണ്ട്. നിക്ഷേപ താൽപര്യ പത്രങ്ങളെ അവയുടെ സവിശേഷതകളുടെ അടിസ്ഥാനത്തിൽ തരംതിരിക്കാനും അതിലൂടെ ഓരോന്നിനും ആവശ്യമായ പരിഗണന ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. ഓരോ നിക്ഷേപ താൽപര്യ പത്രവുമായി ബന്ധപ്പെട്ട്, നോഡൽ ഓഫീസർമാർ നടത്തുന്ന പ്രവർത്തനങ്ങൾ യഥാസമയം രേഖപ്പെടുത്തുന്നതിനും, വിവിധ അനുമതികൾക്കായി നിക്ഷേപകർ അതാതു വകുപ്പുകളിൽ നൽകുന്ന അപേക്ഷകളും, അവർ നേരിടുന്ന പ്രശ്നങ്ങളും കൃത്യമായി രേഖപ്പെടുത്തി അവലോകനം ചെയ്യുന്നതിനുമുള്ള മൊഡ്യൂളുകൾ പ്രസ്തുത ഓൺലൈൻ സംവിധാനത്തിലുണ്ട്.

കൂടാതെ, താൽപര്യപത്രങ്ങളെ സംരംഭങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഘടനാപരമായ നിരീക്ഷണം ഏറ്റെടുക്കുന്നതിനും, സുഗമമായ പദ്ധതി നിർവ്വഹണത്തിനാവശ്യമായ സൗകര്യമൊരുക്കുന്നതിനും, വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തെ ക്രോഡീകരിക്കുന്നതിനും വേണ്ടി, ഒരു ഉപദേശക സമിതിക്കും രൂപം നല്കിയിട്ടുണ്ട്.

നിക്ഷേപ സംഗമത്തിനോട് അനുബന്ധമായി, പദ്ധതി നിർവ്വഹണം വേഗത്തിലാക്കാനും കൂടുതൽ സൗകര്യപ്രദമായ നിക്ഷേപ അന്തരീക്ഷം സൃഷ്ടിക്കാനുമായി വിവിധ വകുപ്പുകളിലായി ആവശ്യമായ 31 നയ പരിഷ്കാരങ്ങളുടെ സമഗ്രമായ

| | | | |
|---|---|---|---|
| | | | ഒരു ഡോസിയർ തയ്യാറാക്കുകയും, ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19.06.2025-ൽ ചേർന്ന ഉന്നതതല യോഗത്തിൽ അവ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ വ്യവസായ വകുപ്പ് മുന്നോട്ട് വെച്ച 22 നയപരിഷ്കാരങ്ങൾ അംഗീകരിക്കുകയും, ആറെണ്ണം കൂടുതൽ ചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം, ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ വന്ന പദ്ധതികൾക്ക് പ്രഥമ പരിഗണ നല്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിൽ ടാസ്ക്ഫോഴ്സ് രൂപീകരിക്കുകയും, എല്ലാ ജില്ലാ കളക്ടറേറ്റുകളിലും ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെല്ലുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇത്തരത്തിലുള്ള കൂട്ടായ ശ്രമത്തിന്റെ ഫലമായി ഇതുവരെ 98 നിക്ഷേപ താൽപര്യ പത്രങ്ങളെ നിക്ഷേപമാക്കി പരിവർത്തനം ചെയ്യാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇവ നിലവിൽ നിർമ്മാണ പ്രവർത്തനത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. ഇതിലൂടെ 34,684.750 കോടിയുടെ നിക്ഷേപവും, 48,363 തൊഴിലവസരങ്ങളും സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്നതാണ്. ഇത് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ സംസ്ഥാനത്തിന് ലഭിച്ച നിക്ഷേപ താൽപര്യ പത്രങ്ങളുടെ 21.38 % വരുന്നതാണ്. |
| (ബി) | താൽപര്യപത്രങ്ങളെ സംരംഭങ്ങളാക്കി മാറ്റുവാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും അതിലൂടെ കാലതാമസം ഒഴിവാക്കുന്നതിനും സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | മേൽ പിരിവ് (എ) യുടെ മറുപടി കണ്ടാലും |
| (സി) | സംസ്ഥാനത്തെ വിജ്ഞാന വ്യവസായങ്ങളുടെയും ഹൈടെക് വ്യവസായങ്ങളുടെയും കേന്ദ്രമാക്കി മാറ്റുന്നത് ലക്ഷ്യമിട്ട് നടപ്പാക്കി വരുന്ന വിവിധ പ്രവർത്തനങ്ങൾ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുന്നുണ്ടോ; വിശദാംശം നൽകാമോ? | (സി) | ഉണ്ട്. സംസ്ഥാനത്തിന്റെ വരുമാനം മെച്ചപ്പെടുത്തുന്നതിനും തൊഴിൽ അവസരങ്ങൾ വർധിപ്പിക്കുന്നതിനും പുതിയ നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കേണ്ടത് അത്യന്താപേക്ഷി തമാണെന്ന് മനസിലാക്കി, അതിനാവശ്യമായ നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.<br><br>വിജ്ഞാനാധിഷ്ഠിതവും ഹൈടെക് സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതവുമായ വ്യവസായങ്ങളാണ് സംസ്ഥാനത്തിന്റെ പ്രധാന ശ്രദ്ധാകേന്ദ്രം. അറിവ് ആധാരമാക്കിയ സമ്പദ്‌വ്യവസ്ഥയിലേക്കുള്ള ആഗോള മാറ്റത്തെ പിന്തുടർന്ന്, ആഗോള തലത്തിൽ നിന്നും പ്രതിഭ, നിക്ഷേപം, നവീകരണം എന്നിവ ആകർഷിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിലൂടെ വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുകയും വ്യവസായ-അക്കാദമിക് |

| | | | |
|---|---|---|---|
| | | | ബന്ധം ശക്തിപ്പെടുത്തുകയും ചെയ്യുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു.<br><br>സംസ്ഥാനത്തെ ഒരു ഹൈടെക് ഹബ്ബാക്കി മാറ്റുന്നതിനായി കേരള സർക്കാർ വിവിധ പദ്ധതികളും നടപടികളും നടപ്പിലാക്കി കൊണ്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി ആധുനിക സാങ്കേതികതയിൽ അധിഷ്ഠിതമായ ഗ്ലോബൽ ക്യാപബിലിറ്റി സെന്റർ, കൃത്രിമ ബുദ്ധി, ഹൈടെക് എഞ്ചിനീയറിംഗ്, ഗ്രാഫീൻ തുടങ്ങിയ മേഖലകളിലുള്ള കരട് നയങ്ങൾ നിലവിൽ സർക്കാർ പരിഗണനയിലാണ്. സ്ഥിരതയുള്ള നയപരിസ്ഥിതി വ്യവസായികൾക്ക് ആത്മവിശ്വാസം നൽകുകയും ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്യാനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യും. ആയതിനാൽ ടി നയങ്ങൾ നിലവിൽ വരുന്നതോടുകൂടി മേൽപറഞ്ഞ മേഖലകളിലെ വ്യവസായങ്ങൾക്ക് ഗവേഷണ-വികസനത്തിനും പുതുമുഖ സാങ്കേതിക വിദ്യകൾ സ്വീകരിച്ച് നവീന സംരംഭങ്ങൾ ആരംഭിക്കുന്നതിനും വഴിയൊരുക്കും. ഇതുവഴി സംസ്ഥാനത്തെ വിജ്ഞാന വ്യവസായത്തിന്റെയും ഹൈടെക് വ്യവസായത്തിന്റെയും ഒരു ഹബ് ആക്കി മാറ്റാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ